## KIDS CORNER

## വചനത്തിലെ പഴമൊഴികൾ

### വിശുദ്ധമായതിനെ-നായ്ക്കൾക്ക് കൊടുക്കരുത്   മത്താ (7:6)

എന്റെ ദൈവമേ! സ്കൂൾ ബസ്സ് വരാറായില്ലേ! അമ്മച്ചി പുറത്തേക്കിറങ്ങി. കത്രീനാമ്മച്ചിയുടെ നിഗമനം ശരിയായിരുന്നു. മക്കൾ സന്തോഷത്തോടെ ഓടി വരുന്നു. അമ്മച്ചിയെ ഇന്നും അവധിയാണ് അവർ ഒരേ ശബ്ദത്തിൽ വിളിച്ചു കൂവി. എന്താ മക്കളെ കാരണം, അമ്മച്ചി ചോദിച്ചു. സ്വാശ്രയ വിദ്യാഭ്യാസ മേഖലയിലെ തകർച്ചമാറ്റുവാനുള്ള സമരമാണിത്, അപ്പു മറുപടി പറഞ്ഞു. കോപത്തോടെ അമ്മച്ചി പറഞ്ഞു വചനം പറയുന്നത് ശരിയാണ്, വിശുദ്ധമായതിനെ നായ്ക്കൾക്ക് കൊടുക്കരുത്. അമ്മച്ചി പറഞ്ഞ വാക്കുകൾ കേട്ട അപ്പു മറ്റുള്ളവരേയും വിളിച്ചു.................... ഓടിവാടാ...............................അമ്മച്ചി കഥ പറയുന്നു.

മക്കളേ! യേശു അപ്പച്ചന്റെ വാക്കുകളാണിത്. വിശുദ്ധമായത് എന്ന്പറഞ്ഞാൽ ദൈവസന്നിധിയിൽ വിലപ്പെട്ടത്. അതായത് വിലപിടിപ്പുള്ള വിദ്യാഭ്യാസം, വചനത്തിൽ ഉൾക്കൊള്ളുന്ന പ്രമാണങ്ങൾ, നമുക്ക് ദൈവം തന്ന പദവികൾ, കഴിവുകൾ ഇവ വിലപ്പെട്ടതായി കരുതാതെ ഹീനമായ വ്യക്തികളെ ഏൽപ്പിക്കുകയോ, പങ്കാളികളാക്കുകയോ ചെയ്യരുത്.

ഉദാഹരണമായി ശൗലിനെ രാജാവായി അഭിഷേകം ചെയ്യുവാൻ ആവശ്യപ്പെട്ട ദൈവം തന്നെ ഞാനതിൽ ദുഖിക്കുന്നു എന്ന് പറയത്തക്കവണ്ണം ശൗൽ ദൈവകല്പന ലംഘിച്ചു. അനുസരണക്കേട് കർത്താവ് ഇഷ്ടപ്പെടുന്നില്ല.

നായയും, പന്നിയും വിലയുള്ളതിനെ തിരിച്ചറിവാൻ കഴിവില്ലാത്ത ജന്തുക്കളെത്രെ. മനുഷ്യന് വിലപ്പെട്ടവയെ അവ നശിപ്പിക്കുന്നു. നിങ്ങൾ തന്നെ അതിന് ഉദാഹരണങ്ങൾ പറയുക. അമ്മച്ചി..................................പിന്നെ.......................... എന്റെ പുതിയ ചെരുപ്പ് നമ്മുടെ ടൈഗർ കടിച്ചുപറിച്ചു, കൂട്ടത്തിൽ ചെറിയ കുട്ടിയായ മുന്നു പറഞ്ഞു. നമ്മുടെ തോട്ടത്തിലെ രണ്ട് കൊക്കുകൾ അവൻ ഓടിയപ്പോൾ താഴെ വീണു. അതിന്റെ ചുണ്ട് ഒടിഞ്ഞുപോയി. ഒരു ദിവസം ടൈഗർ പുള്ളിക്കോഴിയെ പിടിച്ചു. ഇങ്ങനെ കുട്ടികൾ അവരുടെ അറിവ് പങ്കു വെച്ചു. പന്നി നമ്മുടെ കൃഷി നശിപ്പിക്കുന്നു. അമ്മച്ചി കൂട്ടി ചേർത്തു. നന്മയും തിന്മയും തിരിച്ചറിയനാകാത്ത ജീവികളാണ് ഇവ. വിലയുള്ളതിനെയോ വിലയേറിയതിനേയോ ഇവ മനസ്സിലാക്കുന്നില്ല. നായ ശൗര്യമുള്ളതാകയാൽ കടിച്ച് പറിക്കും, കാട്ടുപന്നികൾ നശിപ്പിക്കുകയും, ഉപദ്രവിക്കുകയും ചെയ്യുന്നു.

ഇനി മറ്റൊരു കാര്യം ശ്രദ്ധിക്കുക, യേശുവിന്റെ നാമം മറ്റുള്ളവരുടെ മുമ്പിൽ ഉയർത്തിപ്പിടിക്കുന്നവരാകണം. അല്ലാതെ ദുഷിക്കുന്നവരാകരുത്. ഒരിക്കൽ അമ്മച്ചി കോട്ടയം റെയിൽവേ സ്റ്റേഷനിൽ ടിക്കറ്റ് വാങ്ങുവാൻ ക്യൂവിൽ നിൽക്കുമ്പോൾ ഒരു സംഭവം ഉണ്ടായി. ടിക്കറ്റ് വാങ്ങുവാൻ

ക്യൂവിൽ നിന്ന ഒരു സഹോദരി. ടിക്കറ്റിന് രൂപാ കൊടുത്തു, ടിക്കറ്റ് സ്വീകരിച്ചു. ബാക്കി ചോദിച്ചപ്പോൾ ഉദ്യോഗസ്ഥർ ദേഷ്യപ്പെട്ടു ഞാൻ തന്നതാണെല്ലോ, നിങ്ങൾ കള്ളം പറയുകയാണ്.

ഞാൻ കള്ളം പറയില്ല, ശാന്തമായി ആ സ്ത്രീ മറുപടി പറഞ്ഞു. അവരുടെ പുറകിൽ നിന്ന മനുഷ്യൻ പറഞ്ഞു സാർ, അവർ കള്ളം പറയുകയില്ല, നിങ്ങൾ ഓർക്കാഞ്ഞിട്ടാണ് അവർ സത്യക്രിസ്ത്യാനിയാണ്. ഉടനെ ഉദ്യോഗസ്ഥൻ അയാളോട് ചൂടായി തന്നോട് ആരും അഭിപ്രായം ചോദിച്ചില്ല. പെട്ടെന്ന് ആ സ്ത്രീ തന്റെ ഫോൺ നമ്പർ ഉദ്യോഗസ്ഥന് നൽകിയിട്ട് പറഞ്ഞു വൈകിട്ട് കണക്ക് നോക്കിയ ശേഷം സത്യം എന്നെ അറിയിക്കണം, അത് ഒരു ആജ്ഞആയിരുന്നു. ദൈവ പൈതൽ എന്ന പദവി ലഭിച്ച വ്യക്തിയുടെ ഘനമുള്ള ശബ്ദം. പോകും മുമ്പ് താൻ സത്യക്രിസ്ത്യാനി ആയതിനാൽ കള്ളം പറയുകയില്ല എന്ന് പറഞ്ഞ വ്യക്തിക്ക് നന്ദി പറയുവാനും ക്യൂവിൽ നിന്നവരോട് ക്ഷമ പറയുവാനും അവർ മറന്നില്ല. വൈകിട്ട് കൗണ്ടറടച്ച് കണക്കു പരിശോധിച്ച ഉദ്യോഗസ്ഥന് തെറ്റ് മനസ്സിലാക്കുകയും ആ പണം മടക്കി കൊടുക്കുകയും ചെയ്തു. പഠിക്കുവാൻ അവസരം ലഭിച്ച കുഞ്ഞുങ്ങളും, വിദ്യാഭ്യാസം കുഞ്ഞുങ്ങൾക്ക് നൽകേണ്ട സമൂഹവും, ദിവസങ്ങളും, അവസരങ്ങളും നഷ്ടമാക്കരുത്. വിലപിടിപ്പുള്ളവ കഴിവില്ലാത്തവരുടെ കൈകളിൽ എത്താതിരിക്കാൻ സൂക്ഷിക്കണം. അമ്മച്ചിയുടെ മക്കൾ നാലു കാര്യങ്ങൾ ശ്രദ്ധിക്കുക.




**Santhamma Varghese**

Website: www.biblestudy.co.in
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind